(സി) ഈ തീരുമാനം ലംഘിക്കപ്പെട്ടതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) തീരുമാനം എടുത്തിരുന്നു.

(ബി) 16-1-2002-ലെ ജി.ഒ. (പി) 56/02/ഹിൻ. ഖണ്ഡിക 24-ൽ സംസ്ഥാന/ദേശീയ/അന്തർദേശീയ തലത്തിൽപ്പെട്ടതല്ലാത്ത പൊതുപരിപാടികളിൽ രണ്ടിലധികം മന്ത്രിമാർ പങ്കെടുക്കരുതെന്ന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവിന്റെ പകർപ്പ് മുഖ്യമന്ത്രിയുൾപ്പെടെ എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക് നല്കിയിട്ടുണ്ട്.

(സി) ഉണ്ട്. പരിശോധിച്ചുവരുന്നു.

'നായിഡു' വിഭാഗത്തെ സംവരണ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി

7 (750) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'നായിഡു' വിഭാഗത്തിന് ഇപ്പോൾ സംവരണം നൽകിയിട്ടുണ്ടോ ?

(ബി) ഇല്ലെങ്കിൽ ന്യൂനപക്ഷമായ 'നായിഡു' വിഭാഗത്തെ സംവരണ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല

(ബി) സംവരണ പട്ടികയിൽ ഒരു സമുദായത്തെ ഉൾപ്പെടുത്തണമെങ്കിൽ ആ സമുദായക്കാർ തന്നെ സംസ്ഥാന പിന്നോക്ക വിഭാഗകമ്മീഷന് അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. കമ്മീഷന്റെ ശുപാർശയനുസരിച്ചു മാത്രമേ ഇക്കാര്യത്തിൽ മേൽ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

അഗ്നിക്കിരയാക്കപ്പെട്ട സർക്കാർ വാഹനങ്ങൾ

8 (751) ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. കെ. സി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുത്തങ്ങയിലുണ്ടായ സംഭവത്തോടനുബന്ധിച്ച് സമരക്കാർ എത്ര സർക്കാർ വാഹനങ്ങൾ അഗ്നിക്കിരയാക്കി ;

LIBRARY ARCHIVES Kerala Legislative Assembly